milma

**കേരളകോ-ഓപ്പറേറ്റീവ്മിൽക്ക്മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്**

**കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് പി ഓ, ആലപ്പുഴ - 688 531**

ടെലിഫോൺ: 0478-2831144, 2831145, Email: cfp@milma.com, Website: www.milma.com

**CFPT/P&A/207/2025** **01.08.2025**

## ക്യാന്റീൻ ക്വട്ടേഷൻ നോട്ടീസ്

150 ഓളം ജീവനക്കാരുള്ള പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറിയിലെ ക്യാന്റീൻ 11.09.2025 മുതൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിനായി പരിചയ സമ്പന്നരായ ക്യാന്റീൻ കോൺട്രാക്ടർമാരിൽ നിന്ന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ ഫോറവും നിബന്ധനകളും 12.08.2025, 01.00 PM വരെ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

നിരതദ്രവ്യമായ 2000/- രൂപ എൻ.ഇ.എഫ്.റ്റി/ ആർ.ടി.ജി.എസ്/കാഷ് മുഖേന അടക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം നിരതദ്രവ്യം അടച്ചതിന്റെ രസീത്, പാൻ കാർഡ്, ആധാർ കാർഡ് (കോപ്പികൾ), പ്രവർത്തി പരിചയം തെളിയിക്കുന്ന രേഖകൾ സഹിതം ഫാക്ടറിയിൽ സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഓൺലൈനായി നിരതദ്രവ്യം അടക്കുന്നവർ ആയതിന്റെ വിശദവിവരങ്ങൾ ഇ-മെയിൽ മുഖേന അറിയിക്കേണ്ടതാണ്.

ബാങ്ക് : **KCMMF LTD Cattle Feed Plant, Pattanakkad**
**Current Account No. 57042309686, State Bank of India,**
**PattanakkadBranch, IFSC – SBIN0070267**

പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : 12.08.2025, 3.00 PM
ക്വട്ടേഷൻ തുറക്കുന്നത് : 12.08.2025, 3.30 PM

മറ്റു വിശദാംശങ്ങൾക്കായി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
ഫോൺ:0478 2831144/145

യൂണിറ്റ് ഹെഡ്

Copy to:

*നോട്ടീസ് ബോർഡ്, പഞ്ചായത്ത് ഓഫീസ്, പട്ടണക്കാട്*
*നോട്ടീസ് ബോർഡ്, പഞ്ചായത്ത് ഓഫീസ്, തുറവൂർ*
*നോട്ടീസ് ബോർഡ്, സെൻട്രൽ പ്രോഡക്ട് ഡയറി, പുന്നപ്ര*
*നോട്ടീസ് ബോർഡ്, കുടുംബശ്രീ ഓഫീസ്, പട്ടണക്കാട്*
*നോട്ടീസ് ബോർഡ്, കുടുംബശ്രീ ഓഫീസ്, തുറവൂർ*
*നോട്ടീസ് ബോർഡ്, ജില്ലാമിഷൻ ഓഫീസ് കുടുംബശ്രീ, ആലപ്പുഴ കളക്ട്രേറ്റ്*
Asst Manager (Finance), CFP, Pattanakkad

KCMMF LTD PATTANAKKAD 688 531 CATTLE FEED PLANT

# കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കെറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
# കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് - 688 531

## പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറി വക ക്യാൻറ്റീൻ ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള നിബന്ധനകൾ.

1) 150 ഓളം ജീവനക്കാരുള്ള പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറിയിലെ **ക്യാന്റീൻ** 11.09.2025 മുതൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥനത്തിൽ നടത്തുവാനായി 5 വർഷമെങ്കിലും സമാന ഫാക്ടറികളിൽ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തി പരിചയമുള്ള **ക്യാന്റീൻ** കോൺട്രാക്ടർമാരിൽ നിന്ന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.
2) ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി നിരതദ്രവ്യമായി (EMD) Rs. 2000/- അടക്കേണ്ടതും ആയതി**ന്റെ** Receipt ക്വട്ടേഷ**ന്റെ** കൂടെ സമർപ്പിക്കേണ്ടതുമാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ Adhaar Card, PAN CARD, പ്രവർത്തി പരിജയം തെളിക്കുന്ന സർട്ടിഫിക്കറ്റ് - ഉം ക്വട്ടേഷ**ന്റെ** കൂടെ ഉള്ളടക്കം ചെയ്യേണ്ടതാണ്.
3) ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി 2 ദിവസത്തിനുള്ളിൽ സെക്യൂരിറ്റി ഡിപ്പോസിറ്റായി 25,000/- (ഇരുപത്തിഅയ്യായിരം) രൂപ നിരതദ്രവ്യത്തിനുപുറമെ കമ്പനി ഓഫീസിലടയ്ക്കേണ്ടതും 5 ദിവസത്തിനുള്ളിൽ 200/- രൂപ മുദ്രപത്രത്തിൽ കരാർ എഴുതി ഒപ്പുവെയ്ക്കേണ്ടതുമാണ്.
4) കരാർ കാലാവധിയിൽ മുഴുവൻ ഫാക്ടറിയിലെ ജീവനക്കാർക്ക് (സ്ഥിര ജീവനക്കാർക്കും, താൽകാലിക ജീവനക്കാർക്കും, അപ്രന്റീസുകൾക്കും, സെക്യൂരിറ്റി ജീവനക്കാർക്കും, ലോഡിംഗ് & അൺലോഡിംഗ്തൊഴിലാളികൾക്കും) നിർദിഷ്ട സമയങ്ങളിൽ ക്യാൻറ്റീനിൽ നിന്നും ഭക്ഷണം നൽകിയിരിക്കേണ്ടതാണ്. ഒരു മാസത്തെ നോട്ടീസോ കമ്പനി അധികൃതരുടെ ആവശ്യപ്രകാരമോ അല്ലാതെ ക്യാൻറ്റീൻ പ്രവർത്തനം മുടക്കിയാൽ നിരതദ്രവ്യവും സെക്യൂരിറ്റി തുകയുംകണ്ടുകെട്ടുന്നതാണ്.
5) ക്യാൻറ്റീൻ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ടി ക്യാന്റീൻ കെട്ടിടം, ഫർണിച്ചർ, റഫ്രിജറേറ്റർ, ഗ്രൈൻറർ, നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പാത്രങ്ങൾ, ഗ്യാസ് അടുപ്പ്, Biogas തുടങ്ങിയ ഉപകരണങ്ങളും വൈദ്യുതി, വെള്ളം എന്നീ സൗകര്യങ്ങൾ കമ്പനി നൽകുന്നതാണ്. അധികമായി ആവശ്യമായി വരുന്ന പാത്രങ്ങൾ കരാറുകാരൻ സ്വന്തമായി വാങ്ങിക്കേണ്ടതാണ്.
6) മേൽപ്പറഞ്ഞത് കൂടാതെ മറ്റ് യാതൊരുവിധ സാധനങ്ങളോ, സൗകര്യങ്ങളോ കമ്പനി ചെയ്തു തരുന്നതല്ല. ഗ്യാസ്, വിറക്, പാൽ, പലചരക്ക്, പച്ചക്കറി, എന്നിവ കരാറുകാരൻ സ്വന്തം നിലയിൽ അടുപ്പിക്കേണ്ടതാണ്. Induction cooker/Heater ഉപയോഗിക്കുന്നത് കമ്പനി നിർദേശിക്കുന്ന പ്രകാരം ആയിരിക്കണം.
7) **ക്യാന്റീനിൽ** നടത്തിപ്പിന് ആവശ്യമായ തൊഴിലാളികളെ നിയോഗിക്കുന്നതി**ന്റെ**യും അവർയ്ക്ക് നിയമപരമായും അല്ലാതെയും നൽകേണ്ടതായ എല്ലാ ആനുകുല്യങ്ങളും നൽകുന്നതി**ന്റെ**യും ചുമതല കരാറുകാരനായിരിക്കും. കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുമായി ഫാക്ടറി മാനേജ്മെന്റീന് തൊഴിലാളി മുതലാളി ബന്ധം ഉണ്ടായിരിക്കുന്നതല്ല.
8) ഭക്ഷണം കൈകാര്യം ചെയ്യുന്ന രീതിയിൽ കർശനമായ ശുചിത്വം പാലിക്കേണ്ടതാണ്. ക്യാന്റീൻ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ എപ്പോൾ വേണമെങ്കിലും മാനേജ്മെന്റീന് കോൺട്രാക്ട് അവസാനിപ്പിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.
9) ക്യാൻറ്റീനും പരിസരവും വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്.
10) ജീവനക്കരുടെ പറ്റ് സംബന്ധിച്ച വിശദാംശങ്ങൾ കരാറുകാരൻ നിലനിർത്തേണ്ടതും എല്ലാ മാസവും സമയബന്ധിതമായി കമ്പനിക്ക് സമർപ്പിണ്ടതാണ്.
11) പ്ലാൻറ്റിലെ സ്ഥിരജീവനക്കാർക്കും, താൽക്കാലിക ജീവനക്കാർക്കും, അപ്രന്റീസുകൾക്കും, കയറ്റിറക്കുതൊഴിലാളികൾക്കും ഒരു മാസത്തെ ഭക്ഷണം പറ്റ് വ്യവസ്ഥയിൽ നൽകേണ്ടതും ഓരോ ജീവനക്കാരനും അപ്രകാരം ഒരുമാസം പറ്റുന്ന തുക ജീവനക്കാരുടെ തൽമാസത്തെ ശമ്പളത്തിൽ നിന്നും മാനേജ്മെ**ന്റ്** പിടിച്ച് മൊത്തമായി കരാറുകാരന് നൽകുന്നതായിരിക്കും. എന്നാൽ സെക്യൂരിറ്റി ജീവനക്കാർക്ക് നൽകുന്ന ഭക്ഷണത്തി**ന്റെ** വില കരാറുകാരൻ നേരിട്ട് ഈടാക്കേണ്ടതാണ്.
12) കമ്പനി ജീവനക്കാർക്കായി ലഭ്യമാക്കുന്ന സബ്സിഡി തുക ദുർവിനിയോഗം ചെയ്യരുത്.
13) ജീവനക്കാരുമായി ഏതെങ്കിലും വിഷയത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്ന പക്ഷം കമ്പനി മാനേജ്മെ**ന്റെ** മുൻപാകെ പരാതി അറിയിക്കേണ്ടതും പ്രസ്തുത വിഷയത്തിൽ തീർപ്പ് കൽപിക്കുന്നതുമാണ്.

KCMMF LTD
PATTANAKKAD
688 531
CATTLE FEED PLANT

14) **ക്യാന്റീനിൽ പ്രവർത്തന സമയം - 06.00 A.M. മുതൽ 10.00 P.M. വരെ**

താഴെ പറയുന്ന സമയങ്ങളിൽ കമ്പനി ജീവനക്കാർക്ക് ഭക്ഷണ സാധനങ്ങൾ നൽകേണ്ടതാണ്.

1. പ്രഭാത ഭക്ഷണം – 7:30 മുതൽ 9:30 വരെ.
2. ചായ മാത്രം (ഫാക്ടറിയിൽ) - രാവിലെ 10 മണി, രാത്രി 10 മണി
   ചായ മാത്രം (ഓഫീസിൽ) - രാവിലെ 10:30-ന്
3. ചായയും ലഘു ഭക്ഷണവും ഫാക്ടറിയിൽ - ഉച്ചയ്ക്ക് 2 മണിക്ക്
   - രാവിലെ & വൈകിട്ട് 6 മണിക്ക്
   ചായയും ലഘു ഭക്ഷണവും ഓഫീസിൽ - ഉച്ചയ്ക്ക് 3:00 മണിക്ക്
4. ഊണ് - ക്യാന്റീൻ ഹാളിൽ - ഉച്ചയ്ക്ക് 12 മണി മുതൽ 1:30 വരെ
   - രാത്രി 8 മണി മുതൽ 8:45 വരെ

**(എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഊണ് നൽകേണ്ടതാണ്.)**

5. ചായ/കട്ടൻചായ, പൊറോട്ട/അപ്പം & കറി മുതലായവ ഫാക്ടറിയിൽ വെളുപ്പിന് 2 മണിക്ക്. അവശ്യമുള്ളവരുടെ ലിസ്റ്റ് മുൻകൂട്ടി ശേഖരിച്ച് വൈകുന്നേരം 6 മണിക്കുള്ളിൽ കരാറുകാരൻ സെക്യൂരിറ്റി ഏകദേശം 10 മണിയോടുകൂടി ചൂടാറാതെ കാസറോളിലും ഫ്ളാസ്കിലാക്കി ഏൽപ്പിക്കേണ്ടതാണ്.
6. അവധി ദിവസങ്ങളിൽ മെയിൻറൻസ് ഷിഫ്റ്റ് ഉള്ളപ്പോൾ പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം (ഊണ്) നൽകേണ്ടതാണ്.

15) ക്വട്ടേഷൻ ഉറപ്പിക്കുന്ന കരാറുകാരൻ ക്യാ**ന്റീ**ൻ പ്രവർത്തനത്തിനായി നിയോഗിക്കുന്ന എല്ലാ ജീവനക്കാരുടെയും ബയോഡേറ്റ, ഫോട്ടോ, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അംഗീകൃത മെഡിക്കൽ ഓഫീസറുടെ പക്കൽ നിന്നും കരാർ തീയതി മുതൽ 10 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ ക്യാ**ന്റീ**ൻ പ്രവർത്തിക്കുന്നതിന് ആവശ്യമായ ലൈസൻസ്, ഇ.എസ്.ഐ സൗകര്യങ്ങൾ എന്നിവ കരാറുകാരൻ തന്നെ ചെയ്യേണ്ടതാണ്. ഇത് 14 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഈ.എസ്സ്.ഐ സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.

16) ക്യാ**ന്റീ**ൻ കോൺട്രാക്ടർ നിയമിക്കുന്ന ജീവനക്കാർ ഏതെങ്കിലും രീതിയിൽ മാനേജ്മെന്റിനു തൃപ്തികരം അല്ല എന്ന് തോന്നിയാൽ അവരെ ഒഴിവാക്കാനുള്ള നിർദേശം തരുന്നതും ആയതു കരാർക്കാരൻ പാലിക്കേണ്ടതുമാണ്.

17) ഏതെങ്കിലും വിഷയത്തിൽ കരാറുകാരൻ ജീവനക്കാരോട് അപമര്യാദയായി പെരുമാറുന്നതായി പരാതി ലഭിക്കുന്ന പക്ഷം കരാർ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ കമ്പനി സ്വീകരിക്കുന്നതാണ്.

18) ജീവനക്കാരുടെ പറ്റ് വിവരങ്ങൾ അതാത് ജീവനക്കാരൻ മുഖേന നേരിട്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

19) ക്യാ**ന്റീ**ൻ കരാറുകാരനോ, ജീവനക്കാരോ ക്യാ**ന്റീ**ൻ പ്രവർത്തന സമയത്ത് ലഹരി വസ്തുക്കൾ ഉപയോഗിച്ചതായി തെളിഞ്ഞാൽ കരാർ ഉടനടി റദ്ദാക്കുന്നതാണ്.

20) ക്യാ**ന്റീ**ൻ കരാറുകാരനോ ജീവനക്കാർക്കോ താമസിക്കാനായി ക്യാ**ന്റീ**നിനോട് ചേർന്ന് ഒരു റെസ്റ്റിംഗ് റൂം ഏർപ്പാടാക്കിയിട്ടുണ്ട്. എല്ലാ മാസവും 750 രൂപ +GST നിശ്ചയിച്ച ഈ മുറിക്ക് കരാറുക്കാരൻ വാടക തരേണ്ടതാണ്. ( ഉപയോഗിക്കുന്നതനുസരിച്ച്)

21) കരാർ എടുക്കുന്ന കോൺട്രാക്ടർക്ക് FSSAI ലൈസൻസ് & Food Safety Training and Certificate (FoSTaC) നിർബന്ധമാണ്. ഇല്ലാത്തപക്ഷമം കോൺട്രാക്ടർ തുടങ്ങി 30 ദിവസത്തിനക്കം ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

22) അംഗീകൃത ജീവനക്കാർ ഒഴികെ കരാറുകാര**ന്റെ** ആരും തന്നെ മുൻകൂട്ടി **മാനേജ്മെന്റിന്റെ** അനുവാദം ഇല്ലാതെ ഫാക്ടറി കോമ്പൗണ്ടിൽ പ്രവേശിക്കാൻ പാടുള്ളതല്ല.

23) ക്യാ**ന്റീ**ൻ കമ്മിറ്റി അംഗങ്ങളും **മാനേജ്മെന്റ്** നിർദ്ദേശിക്കുന്ന മറ്റു ജീവനക്കാരും ഒഴികെ ആരും തന്നെ ക്യാന്റീനിൽ ഭക്ഷണം പാകം ചെയുന്നിടത്ത് പ്രവേശിക്കാൻ പാടുള്ളതല്ല. ആയതു കരാറുകാരൻ ഉറപ്പു വരുത്തേണ്ടാതാണ്.

24) മേൽ പറഞ്ഞതിൽ ഏതെങ്കിലും പാലിക്കാത്തപക്ഷം **മാനേജ്മെന്റിന്** കോൺട്രാക്ടറുടെ മേൽ നിയമനടപടി സ്വീകരിക്കാവുന്നതാണ്.

25) ക്വട്ടേഷനുകളും മറ്റു അനുബന്ധ രേഖകളും പരിശോദിച്ചു നിരക്കുകൾക്കുപ്പുറമെ, പ്രവർത്തി പരിചയവും,, പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നേരിട്ടോ അല്ലാതായേ ലഭ്യമാകുന്ന അഭിപ്രായവും കണക്കിലെടുത്തു കരാർ ഉറപ്പിച്ചു നല്കുന്നതിനുള്ള പൂർണ്ണ അധികാരം മാനേജ്മെറ്റിൽ നിക്ഷിപ്തമാണ്.

26) ക്വട്ടേഷൻ രേഖകൾ സഹിതം സീൽ ചെയ്തു കവറിൽ UNIT HEAD, CFP, PATTANAKAD 12.08.2025 3:00 pm ന് സമർപ്പിക്കേണ്ടതാണ്.

KCMMF LTD PATTANAKKAD 688 531 CATTLE FEED PLANT

യൂണിറ്റ് ഹെഡ്

KCMMF LTD

## കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കെറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് - 688 531

**ക്യാൻറ്റീൻ ക്വട്ടേഷൻ 2025-2026**

ഫാറം നമ്പർ :

1) അപേക്ഷകൻ്റെ പേര് :
2) സ്ഥിരം മേൽവിലാസം :

3) ഫോൺ നമ്പർ :

4) പ്രായം :

5) ഇതുവരെ നടത്തിയിട്ടുള്ള ക്യാൻറ്റിൻ ആകെ പ്രവൃത്തി പരിചയം :

6) സ്ഥാപനത്തിൻ്റെ പേര് :
വർഷം :

7) മിൽമ ക്യാൻറ്റിൻ നടത്തിയിട്ടുണ്ടെങ്കിൽ ആകെ പ്രവൃത്തി പരിചയം :

8) മിൽമ ക്യാൻറ്റീൻ പ്രവർത്തിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്ന ആകെ തൊഴിലാളികളുടെ എണ്ണം :

9) മുഖ്യ പാചകക്കാരനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ
   1) പേര് :
   2) വയസ്സ :
   3) വിലാസം
   4) ഫോൺ നമ്പർ :
   5) ആകെയുള്ള പ്രവൃത്തി പരിചയം :

സ്ഥലം : കരാറുകാരൻ്റെ

ഒപ്പ്

തീയതി :

KCMMF LTD * CATTLE FEED PLANT * PATTANAKKAD 688 531

milma

# Kerala Co-operative Milk Marketing Federation Ltd.
## Cattle Feed Plant, Pattanakkad P.O., Alappuzha- 688 531

Phone: 0478-2831122, 2831101, 2831109, Email: cfp@milma.com, Website: www.milma.com

## പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറി വക ക്യാൻറ്റീൻ
## വില വിവരപ്പട്ടിക

| ക്രമ നമ്പർ | ഇനം | അളവ് ( ഗ്രാം/ മില്ലി/ എണ്ണം) | നിരക്ക് (രൂപ) |
|---|---|---|---|
| 1. | ഊണ് വെജിറ്റേറിയൻ (കുത്തരി, ജയ), 1.സാമ്പാർ/പുളിശ്ശേരി 2.മോര്/രസം 3.അവിയൽ/കൂട്ടുക്കറി 4.തോരൻ/പച്ചടി 5. നാരങ്ങ/ഇഞ്ചി/മാങ്ങ അച്ചാർ | ആവശ്യത്തിന് | |
| 2. | പൊറോട്ട/ചപ്പാത്തി – 1എണ്ണം | 75 ഗ്രാം | |
| 3. | അപ്പം/ ഇടിയപ്പം-1 എണ്ണം | 75 ഗ്രാം | |
| 4. | ദോശ/ഇഡ്ഡലി (ചട്ട്നി സാമ്പാർ ഉൾപ്പെടെ)- 1 എണ്ണം | | |
| 5. | പുട്ട്/ ചിരട്ട പുട്ട്- 1 കഷ്ണം | 125 ഗ്രാം | |
| 6. | ചെറുകടികൾ 1 – എണ്ണം സുഖിയൻ/ ബോണ്ട/ഉഴുന്നുവട/പരിപ്പുവട/ പഴംപൊരി | 75 ഗ്രാം | |
| 7. | പപ്പടം – 1 എണ്ണം | | |
| 8. | ഉപ്പുമാവ് 1 – പ്ലേറ്റ് | 150 ഗ്രാം | |
| 9. | തൈര് ഒരു ചെറിയ കപ്പ് | | |
| 10. | ചായ ഒരു ഗ്ലാസ് | 150 മില്ലി | |
| 11. | കാപ്പി 1 ഗ്ലാസ് | 150 മില്ലി | |
| 12. | കട്ടൻചായ 1ഗ്ലാസ് | 150 മില്ലി | |
| 13. | കട്ടൻകാപ്പി 1 ഗ്ലാസ് | 150 മില്ലി | |
| 14. | കടലക്കറി / കിഴങ്ങ് കറി/ വെജിറ്റബിൾകറി 1 പ്ലേറ്റ് | 125 മില്ലി | |
| 15. | മുട്ടക്കറി – 1 പ്ലേറ്റ് | 125 മില്ലി | |
| 16. | മുട്ട പുഴുങ്ങിയത് ( കോഴി ) - 1എണ്ണം | | |
| 17. | മുട്ട പുഴുങ്ങിയത് ( താറാവ് ) - 1എണ്ണം | | |
| 18. | ഓംലെറ്റ് - കോഴി ( സിംഗിൾ ) | | |
| 19. | ഓംലെറ്റ് – കോഴി ( ഡബിൾ ) | | |
| 20. | ഓംലെറ്റ് -താറാവ് ( സിംഗിൾ ) | | |
| 21. | ഓംലെറ്റ്- താറാവ് ( ഡബിൾ ) | | |
| 22. | ബിരിയാണി ( ചിക്കൻ ) | | |

മേൽ ഇനങ്ങൾ കൂടാതെ സ്പെഷ്യൽ വിഭവങ്ങൾ (മീൻ, ചിക്കൻ, ബീഫ്, മട്ടൻ) ന്യായ വിലക്കു ലഭ്യമാക്കേണ്ടതും ആയതു ഇനവും വിലയും കൃത്യമായി അതാതു ദിവസങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുമാകുന്നു. മേൽപ്പറഞ്ഞ നിരക്കിൽ കമ്പനി നിബന്ധനകൾക്ക് വിധേയമായി ജീവനക്കാർക്ക് ഭക്ഷണം നൽകുവാൻ ഞാൻ സമ്മതിച്ചിരിക്കുന്നു.

സ്ഥലം :

തീയതി:

KCMMF LTD * PATTANAKKAD 688 531 * CATTLE FEED PLANT

ഒപ്പ്